## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5359     26.03.2018-ന് മറുപടിയ്ക്ക്

### കുമ്പളങ്ങിയിൽ റോഡ് നിർമ്മാണത്തിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ടപരിഹാരതുക

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | ഉത്തരം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കുമ്പളങ്ങി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി അധികമായി ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ടപരിഹാരതുക ലഭിക്കുന്നതിനായി കുമ്പളങ്ങി സൗത്ത് കമ്പിവേലിക്കകത്ത് വീട്ടിൽ ബീന സജീവൻ സമർപ്പിച്ച നിവേദനങ്ങളിൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;കാരണം വിശദമാക്കാമോ;<br><br>(ബി) നഷ്ടപരിഹാര തുക എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (എ) യും (ബി) യും കുമ്പളങ്ങി എഴുപുന്ന പാലത്തിന്റെ അപ്രോച്ച് റോഡിനായി അധികമായി ഏറ്റെടുത്ത ബീന സജീവിന്റെ പേരിലുള്ള 0.65 ആർ ഭൂമി നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഏറ്റെടുക്കുവാൻ തീരുമാനിക്കുകയും കക്ഷിയുമായി പല തവണ ചർച്ചകൾ നടത്തിയെങ്കിലും കക്ഷി ആയതിന് തയ്യാറാകാതെ പുതിയ പൊന്നുംവില നിയമപ്രകാരം നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തതിനാലാണ് കാലതാമസം നേരിട്ടത്. പുതിയ പൊന്നുംവില നിയമപ്രകാരം SIA പഠനം നടത്തി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ഭൂമിയുടെ സംയുക്ത സ്ഥല പരിശോധന 19/02/2018-ൽ നടത്തിയിട്ടുള്ളതും സർവ്വേ സംബന്ധമായ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതും പുതിയ ആക്ടിന്റെ പരിധിയിൽ സമയബന്ധിതമായി നടപടി സ്വീകരിച്ചുവരുന്നതുമാണ്. പുതിയ ആക്ടിന്റെ സമയപരിധിക്കുള്ളിൽ നടപടി പൂർത്തിയാക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരത്തുക നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ